**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 88** **06-10-2021 - ൽ മറുപടിയ്ക്ക്**

**മുതലപ്പൊഴിയിലെ പുലിമുട്ട് പൊളിച്ചുനീക്കിയ സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സജീവ് ജോസഫ്,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. പി. ടി. തോമസ്** | | **Shri Ahammad Devarkovil<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി)** | |
| (എ) | വിഴിഞ്ഞം ഹാർബർ നിർമ്മാണത്തിന് പാറ ശേഖരിച്ച് കടൽമാർഗം കൊണ്ടുപോകാനുള്ള സൗകര്യങ്ങൾ മുതലപ്പൊഴി കടൽത്തീരത്ത് ഏർപ്പെടുത്താൻ അദാനി കമ്പനിക്ക് സർക്കാർ അനുവാദം നൽകി427യിരുന്നോ എന്ന് വ്യക്തമാക്കാമോ; | (എ) | നൽകിയിരുന്നു |
| (ബി) | ഇതുമൂലം ഉണ്ടായേക്കാവുന്ന പാരിസ്ഥിതിക ആഘാതം സംബന്ധിച്ച് പഠനം നടത്താതെയാണ് പുലിമുട്ട് പൊളിച്ചുനീക്കിയതെന്ന ആരോപണത്തിന്റെ നിജസ്ഥിതി അറിയിക്കാമോ; | (ബി) | ഇതിനായി കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ അനുമതി ലഭിച്ചിട്ടുണ്ട്. |
| (സി) | പാറ കൊണ്ടുപോകാനുള്ള ബാർജ്ജുകളുടെ പ്രവേശനത്തിനായി തെക്കുഭാഗത്തെ പുലിമുട്ട് അദാനി കമ്പനി പൊളിച്ചുനീക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. ലോഡ് ഔട്ട് ഫെസിലിറ്റി നിർമ്മിക്കുന്നതിനായി ഒപ്പിട്ടുള്ള ധാരണാ പത്രത്തിലെ വ്യവസ്ഥകൾക്ക് വിധേയമായാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നിട്ടുള്ളത്. |
| (ഡി) | പൊളിച്ചുനീക്കിയ പുലിമുട്ടുകൾ കടലിൽ നിക്ഷേപിച്ചിരിക്കുന്നത് കാരണം നിരവധി ബോട്ടുകൾക്കും വലയ്ക്കും കേടുപാടുകൾ സംഭവിക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | പൊളിച്ച നീക്കിയ പുലിമുട്ടിന്റെ കല്ലുകൾ അദാനി കമ്പനി ചാനലിൽ നിന്നും നീക്കം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ